# പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 357 — 13/12/2018 ൽ മറുപടിക്ക്

**ശബരിമലയിലെ നിരോധനാജ്ഞ മൂലമുള്ള അസൗകര്യങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.ഷാഫി പറമ്പിൽ | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമലയിലെ നിരോധനാജ്ഞ 2018 ഡിസംബർ നാലുവരെ നീട്ടിയത് ദേവസ്വം ബോർഡിന്റെ അനുമതിയോടെ യായിരുന്നോ; | (എ) | അല്ല.<br>ക്രമസമാധാനത്തിന്റെ ഭാഗമായി ശബരിമലയിലെ നിരോധനാജ്ഞ നീട്ടുന്നതിന് ദേവസ്വം ബോർഡിന്റെ അനുമതി ആവശ്യമില്ല. |
| (ബി) | ശബരിമലയിലെ സ്ഥിതി ശാന്തമായിട്ടും നിരോധനാജ്ഞ തുടരുന്നത് ഭക്തർക്ക് അസൗകര്യങ്ങൾ സൃഷ്ടിക്കുന്നു എന്ന ആക്ഷേപം വസ്തുതാപരമാണോ യെന്നറിയിക്കുമോ; | (ബി) | സന്നിധാനത്തും പരിസര പ്രദേശത്തും പോലീസിന്റെ നിയന്ത്രണങ്ങൾ മൂലം ഭക്ത ജനങ്ങൾക്ക് സുഗമമായ ദർശനം നടത്തുന്നതിനുള്ള സാഹചര്യമുണ്ടായി. നിരോധനാജ്ഞ തുടരുന്നത് ഭക്തർക്ക് സുരക്ഷയൊരുക്കുന്നതിന്റെ ഭാഗമായി ട്ടാണ്. തീർത്ഥാടകരുടെ സമാധാനപരമായ ദർശനം, സഞ്ചാരം, ഭക്തരുടെ വാഹനങ്ങളുടെ സഞ്ചാരം എന്നിവ നിരോധനാജ്ഞയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഭക്തർക്ക് ഒറ്റയ്ക്കോ സംഘമായോ ദർശനത്തിന് എത്തുന്ന തിനോ ശരണം വിളിക്കുന്നതിനോ ഈ ഉത്തരവ് മൂലം തടസ്സമില്ല. |

| | | | |
|---|---|---|---|
| (സി) | ശബരിമലയെ പ്രത്യേക സുരക്ഷാ മേഖലയായിപ്രഖ്യാപിക്കണമെന്നാവ ശ്യപ്പെടാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ശബരിമലയിലേയ്ക്കുള്ള എല്ലാ പാതകളും സുരക്ഷാമേഖലകളായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോൾ ശബരിമലയിൽ പ്രത്യേക സുരക്ഷ ഒരുക്കിയിട്ടുണ്ട്.കൂടാതെ 16.10.2018 ലെ എസ്.ആർ.ഒ നം 723/2018 പ്രകാരം ഇലവുങ്കൽ സത്രം മുതൽ ശബരിമലയിലേയ്ക്കുള്ള വഴികളും ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പരിസര പ്രദേശങ്ങളും 15.11.2018 തീയതിമുതൽ പ്രത്യേക സുരക്ഷ മേഖലയായി പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഭക്തന്മാർക്ക് അസൗകര്യങ്ങൾ സൃഷ്ടിക്കുന്ന നടപടികളിൽ നിന്നും പിന്തിരിയണമെന്ന് പോലീസിനോട് ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഭക്ത ജനങ്ങൾക്ക് സുഗമമായ ദർശനം നടത്തുന്നതിനുള്ള സാഹചര്യങ്ങൾ മാത്രമാണ് പോലീസ് ഒരുക്കിയിട്ടുള്ളത് .ഏതെങ്കിലും വിഷയത്തിൽ ഭക്തർക്ക് അസൗകര്യങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യം ഉണ്ടായാൽ പ്രസ്തുത സാഹചര്യങ്ങൾ പുനഃപരിശോധിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ പോലീസും ദേവസ്വം ബോർഡും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ